LIBRARY ARCHIVES Kerala Legislative Assembly

ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം

238 (1282) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടിയിൽ ചേമഞ്ചേരി സബ് രജിസ്ട്രേഷൻ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്ന വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ ?

ഉത്തരം

ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിനുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ചേമഞ്ചേരി വില്ലേജിൽ റീ.സ.124/4ബി-യിൽപ്പെട്ട 7.5 സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് വിട്ടുകിട്ടിയിരുന്നു. എന്നാൽ ടി വസ്തുവിന്റെ ഏകദേശം മധ്യഭാഗത്തുകൂടിയാണ് ദേശീയപാത വികസനത്തിന്റെ ഭാഗമായി വീതി കൂട്ടുമ്പോഴുള്ള അലൈൻമെന്റ് പോകുന്നത് എന്നതിനാൽ കെട്ടിട നിർമ്മാണ പ്രവൃത്തിയുമായി മുന്നോട്ടുപോകുവാൻ കഴിഞ്ഞിട്ടില്ല. ദേശീയപാതാ വികസനത്തിനായി അക്വയർ ചെയ്യപ്പെടാതെ കിടക്കുന്ന ബാക്കി സ്ഥലത്തുനിന്ന് മേൽ ആവശ്യത്തിന് സ്ഥലം വിട്ടുകിട്ടുന്നതിനായി ടി ഗ്രാമപഞ്ചായത്ത് അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിൽ നിന്ന് സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

പാണ്ടിക്കാട് സബ് രജിസ്ട്രാർ ഓഫീസ്

239 (1283) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാണ്ടിക്കാട് കേന്ദ്രമാക്കി ഒരു സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത മേഖലയിലെ രജിസ്ട്രേഷൻ നടപടികൾ സുഗമമാക്കുന്നതിന് സബ് രജിസ്ട്രാർ ഓഫീസ് സ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് ആസ്ഥാനമായി പുതിയ സബ് രജിസ്ട്രാർ ഓഫീസ് അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ പാണ്ടിക്കാട് ആസ്ഥാനമായി പുതിയ സബ് രജിസ്ട്രാർ ഓഫീസ് അനുവദിക്കുന്ന കാര്യം പരിഗണനയിലില്ല.